പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ

നടപടി ഉത്തരവ്

(ഹാജർ : ശ്രീ. അനിൽ ജി)

വിഷയം : പി.വി.വി. - എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം 2018-19 മെഡിക്കൽ/ എഞ്ചിനീയറിംഗ് വിഭാഗത്തിലെ പ്രത്യേക പരിഗണന അർഹിക്കുന്ന ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1) പിവിവിവ ഡയറക്ടറുടെ 31/08/2018 ലെ **BCDD/A3/1237/2018(1)** നമ്പർ വിജ്ഞാപനം

2) സ.ഉ.(സാധാ).നം.08/2018/പി.വി.വി.വ തീയതി 02.02.18

3) പിന്നാക്ക വിഭാഗ വകുപ്പ് ഡയറക്ടറുടെ 05.02.19 ലെ **BCDD/A3/1237/2018** നമ്പർ ഉത്തരവ്

4) ഈ ആഫീസിലെ 16.02.2019 ലെ **DDEKM/A1/3041/2018** നമ്പർ നടപടി ഉത്തരവ്

---

**DDEKM/A1/3041/2018** തീയതി 21.02.2019

---

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന മത്സര പരീക്ഷാ പരിശീലന ധനസഹായ പദ്ധതിയായ ''എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന്'' അപേക്ഷ ക്ഷണിച്ചു കൊണ്ട് പരാമർശം 1 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എറണാകുളം, കോഴിക്കോട് മേഖലാ ആഫീസുകളുടെ പരിധിയിൽ വരുന്ന ജില്ലകളിൽ നിന്നും അതാത് മേഖലാ ആഫീസുകൾ ഈ പദ്ധതി പ്രകാരം സൂക്ഷ്മപരിശോധനയ്ക്കു ശേഷം ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് അന്തിമ പട്ടിക തയ്യാറാക്കുന്നതിനും അപ്രകാരം മേഖലാ ആഫീസുകൾ തയ്യാറാക്കുന്ന പട്ടിക സംയോജിപ്പിച്ച് ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ അന്തിമ പട്ടിക തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ പാകത്തിൽ നൽകുന്നതിനുള്ള ചുമതല എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കു നൽകിയും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത തിയതിക്കകം എറണാകുളം, കോഴിക്കോട് മേഖലാ ആഫീസുകളിൽ ലഭ്യമായ അപേക്ഷകളും അനുബന്ധരേഖകളും സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച് വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഉയർന്ന മാർക്ക്, (100% മുതൽ 94% വരെ +2 വിന് മാർക്ക് നേടിയ അപേക്ഷകൾ മെയിൻ/ വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തിയും.), താഴ്ന്ന വരുമാനം എന്നിവയുടേയും അടിസ്ഥാനത്തിൽ മെഡിക്കൽ/ എഞ്ചിനിയറിംഗ് വിഭാഗത്തിൽ അന്തിമ ഗുണഭോക്തൃ പട്ടിക പരാമർശം 4 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

എന്നാൽ ഫണ്ടിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ആനുകൂല്യം അനുവദിക്കുമ്പോൾ താഴ്ന്ന വരുമാനക്കാരും വളരെ പിന്നോക്ക സാമ്പത്തിക സ്ഥിതിയിലുള്ളവരും പഠനത്തിൽ താരതമ്യേന മികവ് പുലർത്തുന്നതുമായ കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാവാത്ത സ്ഥിതി ഉണ്ടാവുന്നതിന്റെ അടിസ്ഥാനത്തിൽ വിധവകളുടെ മക്കൾ,മാതാപിതാക്കൾ നഷ്ടപ്പെട്ടവർ, മാരകരോഗം ബാധിച്ച രക്ഷിതാക്കളുടെ മക്കൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പൊതുമാനദണ്ഡങ്ങളിൽ നിന്നും വ്യത്യസ്തമായി തെരഞ്ഞെടുപ്പിൽ പ്രത്യേക പരിഗണന നൽകുന്നതിന് വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് മേഖലാ ആഫീസിന്റെ പരിധിയിൽ വരുന്ന 14 വിദ്യാർത്ഥികളെയും എറണാകുളം മേഖലാ ആഫീസിന്റെ പരിധിയിൽ വരുന്ന 14 വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ആകെ 28 പേരുടെ പട്ടിക തയ്യാറാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേഖലാ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം, തുക എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മേഖലാ ആഫീസ് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| മെഡിക്കൽ/ എഞ്ചിനീയറിംഗ് | എറണാകുളം | 14 | 407280 |
| | കോഴിക്കോട് | 14 | 410200 |
| ആകെ | | 28 | 817480 |

അസ്സൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അർഹമായ തുക അവരവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ബിൽ ഇൻഫോർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം മുഖേന ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി മേഖല തിരിച്ച് ചെയ്യേണ്ടതാണ്.

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

**അനിൽ. ജി.**
**മേഖലാ ഡെപ്യൂട്ടി ഡയറക്ടർ**
**പിന്നാക്ക വിഭാഗ വികസന വകുപ്പ്**
**സിവിൽ സ്റ്റേഷൻ, കാക്കനാട്**
**എറണാകുളം - 682030**

പകർപ്പ്:

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്- തിരുവനന്തപുരം (ആമുഖകത്ത് സഹിതം)

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ -കോഴിക്കോട്

ഐ.ടി. ഡിവിഷൻ പി.വി.വി.വ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

നോട്ടീസ് ബോർഡ്

കരുതൽ/ അധികം

പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ആഫീസ് എറണാകുളം